# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 327 25.06.2012- ൽ മറുപടിക്ക്**

## വിഴിഞ്ഞം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.എ. ബേബി :<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :<br>ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ. ബി. സത്യൻ: | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് പദ്ധതിയുടെ പ്രവർത്തനം മന്ദഗതിയിലായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (എ) വിഴിഞ്ഞം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് പദ്ധതിയുടെ പ്രവർത്തനം മന്ദഗതിയിലായ സാഹചര്യം ഉണ്ടായിട്ടില്ല. |
| (ബി) പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രവൃത്തികൾ സമയബന്ധിതമായി നടക്കുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന പ്രവൃത്തികളാണ് സമയബന്ധിതമായി നടന്നു വരുന്നത്.<br><br>തുറമുഖ നിർമ്മാണത്തിനു ലഭ്യമാകേണ്ട പാരിസ്ഥിതിക അനുമതിയ്ക്കായുള്ള ഒരു വർഷത്തെ പഠനം 2012 ജൂൺ 30 നു പൂർത്തിയാക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഇതിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ അംഗീകൃത ഏജൻസികളായ എൽ & റ്റി റാമ്പോൾ, ഏഷ്യൻ കൺസൾട്ടിംഗ് എഞ്ചിനിയേഴ്സ് എന്നിവർ സമയബന്ധിതമായി പഠനം നടത്തി വരുന്നു. ഇതിനുശേഷമുള്ള പബ്ലിക് ഹിയറിംഗിനു ശേഷം കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈകൊള്ളേണ്ടതായിട്ടുണ്ട്. ഈ പഠനത്തിനു സമാന്തരമായി പദ്ധതി ചെലവ് 4010 കോടി രൂപയായി പുതുക്കി നിശ്ചയിക്കുകയും ധനസമാഹരണത്തിനായി ബാങ്ക് |

കൺസോർഷ്യങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, ബോണ്ട് വിതരണം എന്നിവയ്ക്കുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പാരിസ്ഥിതിക അനുമതി ലഭിക്കുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യ വികസനങ്ങൾ തുടങ്ങുന്നതിനായി ഇ.പി.സി കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാൻ പൂർത്തീകരണം പാരിസ്ഥിതികാനുമതി ലഭിക്കുന്നതോടൊപ്പം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇ.പി.സി, ടെൻഡർഡോക്യുമെന്റ്, മാസ്റ്റർ പ്ലാൻ എന്നിവയുടെ നടപടികൾ അവസാന ഘട്ടത്തിലാണ്. നിർമ്മാണത്തിനു ഏറ്റവും അത്യന്താപേക്ഷിതമായ ബാക്ക് അപ് ഏരിയ, റോഡ് കണക്ടിവിറ്റി, ട്രക്ക് ടെർമിനൽ എന്നിവയ്ക്ക് ആവശ്യമുള്ള 110.47 ഏക്കർ ഭൂമിയിൽ 93.36 ഏക്കർ ഭൂമി ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകി ഏറ്റെടുത്തുകഴിഞ്ഞു. ബാക്കി ഭൂമി കൂടി ഉടനെ തന്നെ ഏറ്റെടുക്കുന്നതിനുള്ള നപടികൾ നടന്നു വരുന്നു.

പദ്ധതിയിലേയ്ക്കുള്ള റെയിൽപ്പാത ലാസ്റ്റ് മൈൽ കണക്ടിവിറ്റി സ്കീമിൽ ഉൾപ്പെടുത്തി സർവ്വേ ചെയ്യുന്നതിനു ഇത്തവണത്തെ യൂണിയൻ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപനം ഉണ്ടായിട്ടുണ്ട്. ഇതിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ റെയിൽവേയുടെ സർവ്വേ പൂർത്തിയായ ശേഷം ആരംഭിക്കുന്നതാണ്.

പദ്ധതിയ്ക്കാവശ്യമായ ജലം എത്തിയ്ക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റി വഴി ധ്രുതഗതിയിൽ നടന്നു വരുന്നു. വൈദ്യുതി എത്തിയ്ക്കുന്നതിനുള്ള ടെൻഡർ നടപടികൾ കെ.എസ്.ഇ.ബി പൂർത്തിയാക്കി.

പോർട്ട് നടത്തിപ്പുകാരനായി തെരഞ്ഞെടുക്കുന്നതിന് ബിഡ്സ് സമർപ്പിച്ച 2 പേരിൽ നിന്നും കേന്ദ്ര സർക്കാരിന്റെ സുരക്ഷാ അനുമതി ലഭിച്ച വെൽസ്പൺ ഇൻഫ്രാടെക് ലിമിറ്റഡിന്റെ ഫിനാൻഷ്യൽ ടെൻഡർ തുറക്കുകയും പ്രസ്തുത കൺസോർഷ്യവുമായി നെഗോഷ്യേറ്റ് ചെയ്യുന്നതിന് വേണ്ടി രൂപീകരിച്ച ബിഡ് നെഗോസ്യേഷൻ കമ്മിറ്റിയുടെ ശുപാർശ 07.05.2012-ൽ ചേർന്ന എംപവേർഡ് കമ്മിറ്റി പരിശോധിയ്ക്കുകയും ചെയ്തിട്ടുണ്ട്. എംപവേർഡ് കമ്മിറ്റിയുടെ ശുപാർശയിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഏറ്റവും ഒടുവിൽ പദ്ധതിയെ സംബന്ധിച്ച വിലയിരുത്തൽ സർക്കാർ തലത്തിൽ നടന്നതെപ്പോഴാണ്; വിശദമാക്കുമോ;

(സി) പദ്ധതിയെ കുറിച്ചുള്ള ഒരു വിലയിരുത്തൽ തുറമുഖ കമ്പനി ഉദ്യോഗസ്ഥരുമായി അവസാനമായി നടന്നിട്ടുള്ളത് 2012 ജൂൺ 18 നാണ്. പ്രസ്തുത മീറ്റീംഗിൽ പദ്ധതിയുടെ ഇതുവരെയുള്ള പുരോഗതിയും, പാരിസ്ഥിതിക അനുമതി, സ്ഥലമേറ്റെടുക്കൽ , ധനസമാഹരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട വിഷയങ്ങളും അവലോകനം ചെയ്യുകയുണ്ടായി. അടുത്ത ഒരു കൊല്ലത്തേയ്ക്കുള്ള ആക്ഷൻ പ്ലാനിനെ പറ്റിയും തുറമുഖ കമ്പനിയുമായി ചർച്ച നടത്തുകയുണ്ടായി.

(ഡി) മുൻവർഷവും നടപ്പു വർഷവും ബഡ്ജറ്റിൽ പദ്ധതിയ്ക്കായി വകയിരുത്തപ്പെട്ട തുകകളിൽ എന്ത് തുക ഇതിനകം ചെലവഴിക്കുകയുണ്ടായി; മൊത്തം പദ്ധതി ചെലവ് എത്രയെന്ന് വിശദമാക്കുമോ?

(ഡി)

| | | | |
|---|---|---|---|
| (i) | 2011-2012 വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയ തുക | 195 കോടി രൂപ | |
| | ഇതിനു പുറമേ റീ-അപ്രോപ്രിയേഷൻ ആയി നല്കിയ തുക | 2.84 കോടി രൂപ | |
| | ആകെ | 197.84 കോടി രൂപ | |
| | 2011-2012 വർഷത്തിൽ ആകെ ചെലവായ തുക (un audited) (മുൻ വർഷ നീക്കിയിരിപ്പ് ഉൾപ്പെടെ) | ------ | 225.50 കോടി രൂപ |
| (ii) | 2012-2013 വർഷത്തിലെ ധനകാര്യ ബഡ്ജറ്റിൽ വകയിരുത്തിയ തുക | | 223.68 കോടി രൂപ |

2012-13 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മൊത്തം പദ്ധതി ചെലവ് 4010 കോടി രൂപയായി പുനർ നിർണ്ണയിച്ചിട്ടുണ്ട്.

പദ്ധതി ചെലവിന്റെ ഘടന ചുവടെ ചേർക്കുന്നു.

| | | തുക കോടിയിൽ |
|---|---|---|
| 1. | ഭൂമി ഏറ്റെടുക്കൽ | 790.98 |
| 2. | External infrastructure | 247.94 |
| 3 | തുറമുഖ പദ്ധതിയുടെ ആദ്യഭാഗം (EPC) | 1646.00 |
| 4 | നിർമ്മാണ ഘട്ടത്തിലെ പലിശ (Capitalized) | 355.00 |
| 5 | ബി.ഒ.റ്റി പദ്ധതിയുടെ തുക | 970.00 |
| | ആകെ | 4009.92 |
| | ആകെ (rounded off) | 4010 |

സെക്ഷൻ ഓഫീസർ